ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കയർ തൊഴിലാളികൾക്ക് ലോക്ക്ഡൗൺ ആശ്വാസമായി 1000 രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 4000 രൂപയുടെ പ്രത്യേക ധനസഹായം 2020-21 വർഷം നല്കിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധി നേരിട്ട കയർ തൊഴിലാളികളെയും കയർ സഹകരണ സംഘങ്ങളെയും സംരക്ഷിക്കുന്നതിനായി കയർ കടാശ്വാസ പദ്ധതിയും നടപ്പിലാക്കുകയുണ്ടായി.

(സി) കോവിഡ്മൂലം ദുരിതത്തിലായ പ്രസ്തുത മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിനായി പാക്കേജ് പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 കാരണം പ്രതിസന്ധിയിലായ പരമ്പരാഗത വ്യവസായ മേഖല കൂടി ഉൾപ്പെടുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and Working capital loan പദ്ധതി പ്രകാരം 01-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term loan/ Working Capital) പരമാവധി 30000 രൂപ മുതൽ 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

**പരമ്പരാഗത വ്യവസായ മേഖലകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

131(3563) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കൈത്തറി എന്നിവ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായ മേഖലയായ കയർ വ്യവസായ രംഗത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. വിപണനം, പരസ്യപ്രചരണ വ്യാപാര പ്രവർത്തനങ്ങൾ, എക്സിബിഷനുകൾ, മുതലായവയും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം.

2. കയറും കയർ ഉത്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം മാച്ചിംഗ് ഫണ്ടായി).

3. കയർ ഭൂവസ്ത്ര വിപണന പരിപാടി.

4. കയർ സാങ്കേതികവിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ധനസഹായം.

5. കയർ വ്യവസായതിനാവശ്യമായ അടിസ്ഥാന സൗകര്യം സംഘടിപ്പിക്കുന്നതിനും യന്ത്രവത്ക്കരണം നടത്തുന്നതിനുമുള്ള സഹായം.

6. കയർ തൊഴിലാളികൾക്കും ഉദ്യോഗസ്ഥതലത്തിലുള്ളവർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

7. പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അവരുടെ മുൻവർഷത്തെ വിപണനത്തിന്റെ 10% ഉല്പാദന വിപണന പ്രചോദന ഗ്രാന്റായി നൽകുന്ന പദ്ധതി.

8. ചകിരി, കയർ, കയർ ഉല്പന്നങ്ങൾ എന്നിവ സംഭരിച്ച് വിപണനം ചെയ്യുന്നതിന്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവർക്കുള്ള ധനസഹായ പദ്ധതി.

9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം.

10. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടിയും തൊണ്ട് ശേഖരണ പരിപാടിയും.

11. കയർ വ്യവസായത്തിന്റെ പുനഃസംഘടന പദ്ധതി - രണ്ടാം ഘട്ടം.

12. പള്ളിപ്പുറം വികസന കേന്ദ്രത്തിൽ കയർ ക്ലസ്റ്റർ സ്ഥാപിക്കൽ.

13. കണിച്ചുകുളങ്ങരയിൽ വ്യാവസായികാടിസ്ഥാനത്തിൽ കയർ ബൈൻഡർലസ് ബോർഡ് ഉല്പാദിപ്പിക്കുന്ന ഫാക്ടറി സ്ഥാപിക്കൽ.

14. കയർ സഹകരണ മേഖലയിൽ യന്ത്രവത്കൃത കയർ ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

15. കയർ സഹകരണ സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും - കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വേതനത്തിന്റെ ഒരുഭാഗം, പരമാവധി പ്രതിമാസം 5000 രൂപ, സർക്കാർ ഗ്രാന്റായി നൽകി വരുന്ന പദ്ധതി. പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി: കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് മേഖലയിലെ ഒന്നാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ് വരെ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി 2 ജോടി വീതം സ്കൂൾ യൂണിഫോം തുണി കേരളത്തിലെ കൈത്തറികളിൽ നെയ്തെടുത്ത് നൽകുന്നതാണ് ഈ പദ്ധതി.

സ്വയംതൊഴിൽ പദ്ധതി: കൈത്തറി മേഖലയിലെ പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപ്പാദന യൂണിറ്റുകൾ തുടങ്ങുന്നതിനും സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി: പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുന്നതിനായി ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും ഫണ്ട് ഉപയോഗിക്കുന്നു.

ഒരു വീട്ടിൽ ഒരു തറി പദ്ധതി : ഒരു വീട്ടിൽ ഒരു തറി പദ്ധതി പ്രകാരം കൂടുതൽ നെയ്ത്തുകാരെ നെയ്ത്തുമേഖലയിലേക്ക് ആകർഷിക്കുന്നതിന് പ്രസ്തുത പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്.

യുവ വീവ് പദ്ധതി: യുവ തലമുറയെ കൈത്തറി മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. കൈത്തറി നെയ്ത്തിലേർപ്പെട്ടിരിക്കുന്ന വനിതാ നെയ്ത്തുകാർക്ക് വിശ്രമ മുറികൾ, ടോയ്ലെറ്റുകൾ, സ്റ്റോറിംഗ് സൗകര്യങ്ങൾ എന്നിവ അനുവദിച്ചു കൊടുക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി സ്ത്രീകൾക്ക് അവരുടെ ജോലി സ്ഥലത്ത് ആരോഗ്യ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നു. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിന് മാർജിൻ മണി വായ്പ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൈത്തറി പഴമയുടെ കലാവൈഭവവും നെയ്ത്തുകാർ കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിലെ വ്യവസായത്തിന്റെ പരിണാമവും പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവലോകനവും പ്രദർശിപ്പിക്കുന്നതിനായി കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ചെറുകിട, കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2017- ലെ 22-ാമത് നമ്പർ ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്" സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസ് നിയമസഭയിൽ ബില്ലായി അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏക ജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ്വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം നിലവിൽ വന്നു. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ട്. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും മുൻഗണന നൽകിയിട്ടുണ്ട്. സംരംഭകത്വം

LIBRARY ARCHIVES Kerala Legislative Assembly

പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവൽകരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. അതോടൊപ്പം നാനോ സംരംഭങ്ങൾക്കുള്ള മാർജിൻമണി ഗ്രാന്റ് പദ്ധതി, നാനോ ഗാർഹിക യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി, കോവിഡ് സാഹചര്യത്തിൽ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്ന വ്യവസായ ഭദ്രത പലിശയിളവ് പദ്ധതി, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ പി.എം.എഫ്.എം.ഇ. (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതി എന്നിവയും സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിലുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന സാമ്പത്തിക സഹായ പദ്ധതികളാണ്.

LIBRARY ARCHIVES Kerala Legislative Assembly

### കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി

132(3564) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിലവിലുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലകളുടെ പരിപോഷണത്തിനായി കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെല്പാം) എന്നീ സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന അതാത് മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ